# രാജ്യത്തെ നശിപ്പിക്കുന്നത്

വർഷകാലം പലയിടത്തും ശക്തമായിരുന്നു. ചിലയിടങ്ങളിൽ മന്ദഗതിയിലും. രാഷ്ട്രീയക്കാരുടെ കൂത്തരങ്ങാണ് ഇത്തവണ പൊടിപൊടിച്ചത്. എവിടെയും രോശാകുലരായ രാഷ്ട്രീയക്കാരുടെ ചിത്രം മാത്രം. ചെറുപ്പക്കാരുടേതും വലിയവരുടേതുമായി പലതരം സമരങ്ങൾ. വിദ്യാർഥികളുടേത്, പല രാഷ്ട്രീയ ഗ്രൂപ്പുകളുടേത്, വിവിധ മേഖലകളിലുള്ള തൊഴിലാളികളുടേത്, ഉദ്യോഗസ്ഥരുടേത്, യുവജനങ്ങളുടേത്, യുവത്വം കഴിഞ്ഞവരുടേത് ഇങ്ങനെ പോകുന്നു സമരങ്ങൾ.

കേരളത്തിലേതു പോലെ സമരം നടക്കുന്ന ഒരു സ്ഥലവും ലോകത്ത് ഒരിടത്തും കാണില്ല.

കുറച്ചു നേരം മുദ്രാവാക്യം മുഴക്കി, തങ്ങളുടെ ആവശ്യങ്ങളിലേക്ക് വേണ്ടപ്പെട്ടവരുടെ ശ്രദ്ധ തിരിച്ചുവിട്ട് അവസാനിപ്പിക്കുന്ന രീതിയല്ല കേരളത്തിലെ സമരങ്ങൾക്കുള്ളത്. അത്യാസന്ന രോഗികളോടും പോലും കരുണ കാണിക്കാതെ, കണ്ടതെല്ലാം നശിപ്പിച്ചു, നിയമത്തെയും നിയമപാലകരെയും തെറിപറഞ്ഞുള്ള ഈ പോട്‌ലാച്ചി (ചില പുരാണിക മതങ്ങൾ ആചരിച്ചിരുന്ന ക്രൂരമായ ഒരു വിനോദം) അവകാശ സമരങ്ങൾക്ക് ലോകം സ്വീകരിച്ചു വരുന്ന സമരമുറകളിൽ നിന്ന് തീർത്തും വ്യത്യസ്തവും മൃഗീയസ്വഭാവമുള്ളതുമാണ്.

അവകാശങ്ങൾക്കു വേണ്ടി എല്ലാ രജ്യങ്ങളും സമരം ചെയ്യാറുണ്ട്. ക്രിയാത്മകമായ രീതിയിലാണ് അവരുടെ പ്രതികരണം. പൊതു മുതൽ നശിപ്പിച്ചും പൊതു ജനത്തെ പ്രയാസപ്പെടുത്തിയുമല്ല അവരുടെ സമര രീതി.

ഇപ്പോൾ സമരകാലമാണ്. പ്രതിപക്ഷവും ഭരണപർട്ടിയും സ്വയം നശിക്കുകയും ജനത്തെ നശിപ്പിക്കുകയുമാണ് ചെയ്യുന്നത്. സമയം നഷ്ടപ്പെടുത്തിയും മറ്റുള്ളവരുടേത് നശിപ്പിച്ചും നടത്തുന്ന ഈ രാഷ്ട്രീയക്കളി രാജ്യത്തിനോ രാജ്യനിവാസികൾക്കോ ഒരു ഉപകാരവും ചെയ്യുകയില്ല.

തെരുവിലറങ്ങി പോർവിളി നടത്തേണ്ടതാണോ അവകാശ സമരവും അധർമത്തിനെതിരെയുള്ള പ്രതികരണവും? അതിന് ആരോഗ്യകരമായ പൊതു രീതി സ്വീകരിച്ചാൽ ആർക്കെന്ത് നഷ്ടപ്പെടാനിരിക്കുന്നു? ആരും തോറ്റുകൊടുക്കാൻ ഭാവമില്ലാത്ത ഈ രാഷ്ട്രീയകളിയിൽ തോൽക്കുന്നത് രണ്ട് വിഭാഗമാണ്. നേതാക്കന്മാരുടെ ഗൂഢതന്ത്രം തിരിച്ചറിയാനാകാത്ത രാഷ്ട്രീയ അണികളും ഒന്നുമറിയാത്ത സാധാരണക്കാരും. അവരുടെ ജീവനെയും ശരീരത്തെയും വെല്ലുവിളിച്ചുള്ള സമര രീതി രാജ്യപുരോഗതിക്ക് ഒട്ടും ചേർന്നതല്ല.

ഇവിടെ രണ്ട് കാര്യം ശ്രദ്ധിക്കാനുണ്ട്. ഒന്ന്, നമ്മുടെ നാട്ടിൽ നടക്കുന്ന ഏത് രാഷ്ട്രീയ സമരങ്ങളുടെയും പിന്നിൽ പ്രവർത്തിക്കുന്ന വികാരം അവിശുദ്ധമാണ്. കാരണം, നേതാക്കൾ ഈ സമരമുറകളിലേക്ക് അനുയായികളെ എടുത്തെറിയുകയും സമരത്തിൽ നിന്ന് അവർ സ്വയം പുറകോട്ട് പോവുകയും ചെയ്യുന്നു. അവസാന നിമിഷം ഒരു അഡ്ജസ്റ്റ്മന്റ്. അതോടെ വീറോടെ പൊരുതിയ ശിങ്കിടി ഒന്നുമല്ലാതായി. രണ്ട്, സമരം ചെയ്യുന്നവർ തങ്ങളുടെ ഭാവിയെപ്പറ്റിയോ കുടുംബത്തെപ്പറ്റിയോ ഓർക്കാറില്ല. അവർ തങ്ങളുടെ ബുദ്ധിയും ചിന്തയും നേതാക്കൾക്ക് പണയം വെച്ചതാണ്. നേതാക്കളിൽ നിന്ന് വല്ല പ്രയാസങ്ങളും ഉണ്ടാകുമ്പോൾ രാജിയും മറുപക്ഷത്തേക്ക് കാലുമാറ്റവുമല്ലാതെ അവർക്ക് തങ്ങളെപ്പറ്റി ഓർക്കാൻ സാധിക്കുകയില്ല.

സ്വയം വഞ്ചിക്കപ്പെടുന്ന കൂത്തരങ്ങാണ് രാഷ്ട്രീയ സമരങ്ങൾ. അവിടെ അവകാശങ്ങൾക്കാണ് സ്വരം. ബാധ്യത മിക്കവാറും വിസ്മരിക്കപ്പെടുകയാണ് ചെയ്യുക.

അവകാശത്തെ പറ്റി മാത്രം ചിന്തിക്കുകയും സംസാരിക്കുകയും ചെയ്തതു കൊണ്ട് കാര്യമില്ല. ബാധ്യത വിസ്മരിച്ചുള്ള ഏത് കളിയും അപകടം ചെയ്യും.

പ്രശ്നങ്ങളും പ്രയാസങ്ങളും ജനാധിപത്യസംവിധാനത്തിൽ സാധാരണമാണ്. പരസ്പരം ചർച്ച ചെയ്തും കൂടിയാലോചിച്ചും തീർക്കാവുന്ന വിഷയങ്ങൾ മാത്രമേ ഇവിടെയുള്ളൂ. പക്ഷേ, മറുപക്ഷത്തെ വട്ടം കറക്കാനുള്ള തന്ത്രവുമായി നടക്കുന്ന ഓരോ കക്ഷിയും തങ്ങൾക്ക് കിട്ടുന്ന ഏത് ലഘുവിഷയവും ഉപയോഗിച്ച് ജനത്തെ മുഴുവൻ പ്രയാസപ്പെടുത്താനാണ് പരിശ്രമിക്കുന്നത്.

വിദ്യാർഥികൾ പഠിക്കേണ്ടവരും സ്വന്തം ഭാവി ശോഭനമാക്കാൻ പരിശ്രമിക്കേണ്ടവരുമാണ്. അവർ സ്വന്തം ഉത്തരവാദിത്തം തിരിച്ചറിയുകയും അതിനു വേണ്ടി അധ്വാനിക്കുകയും വേണം. രാഷ്ട്രീയക്കാരുടെ ദുഷ്ടലാക്കിന് അവർ ഒരിക്കലും ഇരകളാക്കരുത്.

രാഷ്ട്രീയക്കാർ രാജ്യത്തെ സേവിക്കാനുള്ളവരാണ്. നശിപ്പിക്കാനുള്ളവരല്ല. തങ്ങളുടെ ഉത്തരവാദിത്തം അവർ ഒരിക്കലും വിസ്മരിക്കാവതല്ല.

വിവാദങ്ങൾ ഉണ്ടെങ്കിൽ അത് കൂട്ടായി പരിശോധിക്കാനുള്ള സൗമനസ്യം എല്ലാവർക്കും വേണം. രാജ്യത്തെ സ്നേഹിക്കുന്നവർ അതാണ് ചെയ്യേണ്ടത്. തങ്ങളെ തിരുത്താൻ ആർക്കുമാവില്ല എന്ന നയം ഒരു വിഷയത്തോടുള്ള മാനുഷികസമീപനമല്ല.

ഇവിടെ ആർ തോറ്റു ആർ ജയിച്ചു എന്നതല്ല വിഷയം. ഒരു പ്രശ്നത്തിന്റെ പേരിൽ തെരുവിലിറങ്ങിയുള്ള ഈ രാഷ്ട്രീയ ക്രൂരതക്ക് കനത്ത വില നൽകേണ്ടി വരുന്നത് സമൂഹത്തിലെ സാധാരണക്കാരാണ് എന്ന് തിരിച്ചരിയാനുള്ള സാമാന്യബുദ്ധി എല്ലവരും കാണിക്കണം. അവരുടെ വോട്ടാണല്ലോ ഈ കളിക്ക് പിന്നിലെ ശക്തിമരുന്ന്.